**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1662** **13-02-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ ചുമതല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പലിന്റെ ചുമതല നിലവിൽ വഹിക്കുന്ന അധ്യാപികയ്ക്ക് പ്രിൻസിപ്പൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നടത്തുന്നത് യു ജി സി 2010 റെഗുലേഷൻ Clause 5.1.6 മാനദണ്ഡങ്ങൾ പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചാണ്. സ്ഥാപനങ്ങളുടെ ഭരണപരവും സുഗമവുമായ അടിയന്തര സാഹചര്യങ്ങൾ കണക്കിലെടുത്ത്, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള ഹാൻഡ് ബുക്ക് ചാപ്റ്റർ 12 പ്രകാരം പ്രിൻസിപ്പാളിന്റെ അഭാവത്തിൽ വൈസ് പ്രിൻസിപ്പാൾ/ സീനിയർ മോസ്റ്റ് അസ്സോസിയേറ്റ് പ്രൊഫസ്സർ/ സീനിയർ മോസ്റ്റ് അസിസ്റ്റന്റ് പ്രൊഫസ്സർ -ക്ക് പ്രിൻസിപ്പാളിന്റെ അധിക ചുമതല സർക്കാർ സാധൂകരണ വിധേയമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നൽകാറുണ്ട്. എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് ടി സ്ഥാപനത്തിലെ സീനിയർ മോസ്റ്റ് അധ്യാപികയായ ഇസ്ലാമിക് ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസ്സർ ഡോ.ഷാജിലാ ബീവിക്ക് പ്രിൻസിപ്പാളിന്റെ അധിക ചുമതല നൽകുന്നതിന് സ്ഥാനമൊഴിഞ്ഞ പ്രിൻസിപ്പാൾ ശിപാർശ ചെയ്തിരുന്നു.ടി ശിപാർശ പരിഗണിച്ചാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഡോ.ഷാജിലാ ബിവിക്ക് പ്രിൻസിപ്പാളിന്റെ അധിക ചുമതല നൽകി ഉത്തരവായത്. |
| (ബി) | പ്രസ്തുത കോളേജിൽ പ്രൊഫസർമാരുള്ള സാഹചര്യത്തിൽ ജൂനിയറായ ഒരു അസോസിയേറ്റ് പ്രൊഫസർക്ക് കോളേജിന്റെ പ്രിൻസിപ്പൽ ചുമതല നൽകാനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നടത്തുന്നത് യു ജി സി 2010 റെഗുലേഷൻ Clause 5.1.6 മാനദണ്ഡങ്ങൾ പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചാണ്. സ്ഥാപനങ്ങളുടെ ഭരണപരവും സുഗമവുമായ അടിയന്തര സാഹചര്യങ്ങൾ കണക്കിലെടുത്ത്, ഉന്നത വിദ്യാഭ്യാസ വകുപ്പ് |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിച്ചിട്ടുള്ള ഹാൻഡ് ബുക്ക് ചാപ്റ്റർ 12 പ്രകാരം പ്രിൻസിപ്പാളിന്റെ അഭാവത്തിൽ വൈസ് പ്രിൻസിപ്പാൾ/ സീനിയർ മോസ്റ്റ് അസ്സോസിയേറ്റ് പ്രൊഫസ്സർ/ സീനിയർ മോസ്റ്റ് അസിസ്റ്റന്റ് പ്രൊഫസ്സർ -ക്ക് പ്രിൻസിപ്പാളിന്റെ അധിക ചുമതല സർക്കാർ സാധൂകരണ വിധേയമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നൽകാറുണ്ട്. എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് ടി സ്ഥാപനത്തിലെ സീനിയർ മോസ്റ്റ് അധ്യാപികയായ ഇസ്ലാമിക് ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസ്സർ ഡോ.ഷാജിലാ ബീവിക്ക് പ്രിൻസിപ്പാളിന്റെ അധിക ചുമതല നൽകുന്നതിന് സ്ഥാനമൊഴിഞ്ഞ പ്രിൻസിപ്പാൾ ശിപാർശ ചെയ്തിരുന്നു.ടി ശിപാർശ പരിഗണിച്ചാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഡോ.ഷാജിലാ ബിവിക്ക് പ്രിൻസിപ്പാളിന്റെ അധിക ചുമതല നൽകി ഉത്തരവായത്. |
| (സി) | കോളേജ് ഭരണസമിതിയുടെ പുനഃസംഘടന ചട്ടപ്രകാരമാണോയെന്ന് വ്യക്തമാക്കാമോ? | (സി) | എറണാകുളം, മഹാരാജാസ് കോളേജിന്റെ ഭരണസമിതിയുടെ പുനഃസംഘടന സംബന്ധിച്ച 22.10.2024 ലെ സ.ഉ(സാധാ)നം.1319/2024/ഉവിവ നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും അംഗങ്ങളെ നാമനിർദേശം ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകിയിരുന്നു. എറണാകുളം മഹാരാജാസ് കോളേജിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് യു ജി സി റെഗുലേഷന് വിരുദ്ധമാണോ എന്ന് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ